## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2039 | 05-12-2018 -ൽ മറുപടിക്ക്

### പ്രളയക്കെടുതിക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പകളുടെ കണക്കനുസരിച്ച് പ്രളയം എത്ര തുകയുടെ നഷ്ടം സംസ്ഥാനത്തുണ്ടാക്കി ; ആയത് ലോകബാങ്ക് സർവ്വേ പ്രകാരം എത്ര ; വ്യക്തമാക്കാമോ; | എ) | ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരള സർക്കാർ കണക്കാക്കിയ നഷ്ടം 5616 കോടി രൂപയുടെതാണ്. ആദ്യഘട്ടത്തിലുണ്ടായ പ്രളയത്തിന് 820 കോടിയും രണ്ടാംഘട്ടത്തിലെ മഹാപ്രളയത്തിന് 4796 കോടി രൂപയും ഉൾപ്പെടെയാണിത്. ലോക ബാങ്കിൻറെ പ്രളയ പുനർനിർമ്മാണ ആവശ്യകതാ അവലോകനത്തിൽ നാശനഷ്ട തോത് നൽകിയിട്ടില്ല. ലോക ബാങ്കിൻറെ അവലോകനത്തിൽ പുനർനിർമിതിക്കായി 24,893 കോടി രൂപ ആവശ്യമാണ്. |
| ബി) | പ്രസ്തുത കണക്കുകൾ പ്രകാരം പ്രളയം എറണാകുളം ജില്ലയിലുണ്ടാക്കിയ നാശനഷ്ടങ്ങൾ എത്ര തുകയുടെ എന്നും വ്യക്തമാക്കാമോ; | ബി) | ലോക ബാങ്കിൻറെ പ്രളയ പുനർനിർമ്മാണ ആവശ്യകതാ അവലോകനത്തിൽ എല്ലാ പ്രവർത്തന മേഖലയുടെയും നാശനഷ്ടം ജില്ല തിരിച്ച് ലഭ്യമല്ല. |
| സി) | യു.എ.ഇ. ഭരണാധികാരി ഉൾപ്പെടെ ഏതെല്ലാം വിദേശരാജ്യങ്ങൾ/ ഏജൻസികൾ/ മറ്റുള്ളവരാണ് സഹായം നൽകാൻ തയ്യാറായിരിക്കുന്നത്; എത്ര തുകയുടെസഹായം; ഇതു വാങ്ങിയെടുക്കുന്നതിൽ കേന്ദ്ര സർക്കാർ എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തി; അതു വഴി സംസ്ഥാനത്തിന് ലഭിക്കാമായിരുന്ന എത്ര തുകയുടെ നഷ്ടം സംഭവിച്ചു; വ്യക്തമാക്കാമോ; | സി) | ദേശീയ ദുരന്ത ലഘൂകരണ പദ്ധതിയുടെ Sub-section 9.1, 9.2 ൽ പരാമർശിക്കുന്ന നിർദേശം പ്രകാരം സംസ്ഥാന സർക്കാരിന് നേരിട്ട് വിദേശ സർക്കാരുകളുടെയോ, ബഹുരാഷ്ട്ര ഏജൻസികളുടെയോ, ഐക്യരാഷ്ട്രസഭയുടെ ഏജൻസികളുടെയോ സഹായം സ്വീകരിക്കുവാൻ സാധിക്കില്ല. കേന്ദ്ര സർക്കാരിൻറെ അനുമതി ഇതിലേക്ക് ആവശ്യമാണ്. |
| ഡി) | പ്രളയക്കെടുതിയും നാശനഷ്ടങ്ങളും പഠിക്കാൻ കേന്ദ്ര സംഘം എന്നാണ് എത്തിയത്; ഇവർ എപ്പോൾ റിപ്പോർട്ട് നൽകി ; എത്ര തുകയുടെ നാശനഷ്ടമാണവർ തിട്ടപ്പെടുത്തിയത്; നാളിതുവരെ എത്ര തുക നൽകി ; വ്യക്തമാക്കാമോ; | ഡി) | കേന്ദ്ര സംഘം പ്രളയക്കെടുതിയും നാശനഷ്ടങ്ങളും വിലയിരുത്താനായി രണ്ടുഘട്ടങ്ങളിലായിട്ടാണ് എത്തിയത്. ആദ്യത്തെ സന്ദർശനം ആഗസ്റ്റ് 7 മുതൽ 11 വരെയും രണ്ടാമത്തേത് സെപ്റ്റംബർ 20 മുതൽ 24 വരെയും ആണ്. കേന്ദ്ര സംഘം സംസ്ഥാന സർക്കാരിന് ഇതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഒന്നും നൽകാറില്ല. ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2018 ലെ പ്രളയത്തിനായി 600 കോടി രൂപയാണ് അടിയന്തിര സഹായമായി നൽകിയിരിക്കുന്നത് . |
| ഇ) | പുനർ നിർമ്മാണങ്ങൾക്കായി വിദേശത്തു പണിയെടുക്കുന്ന പ്രവാസികളും അയൽ സംസ്ഥാന ഭരണാധികാരികളുമായി എത്ര തുകയുടെ സഹായം നാളിതുവരെ ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ; | ഇ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്രവാസികളിൽ നിന്നും (441 പേർ) 33,21,03,695/- രൂപ 29.11.2018 വരെ ലഭ്യമായിട്ടുണ്ട്. അയൽ സംസ്ഥാനങ്ങൾ (10 എണ്ണം) 111 കോടി രൂപ നൽകിയിട്ടുണ്ട്. |
| എഫ്) | സംസ്ഥാനത്തു തകർന്ന സ്കൂളുകളുടെയും വീടുകളുടെയും പുനർനിർമ്മാണത്തിന് മുൻതൂക്കം നൽകി എന്തു നടപടികളാണ് അടിയന്തരമായി സ്വീകരിച്ചു വരുന്നത് എന്നും വ്യക്തമാക്കാമോ ? | എഫ്) | പ്രകൃതിദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃതമാതൃക പിന്തുടർന്ന്, 2018 പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75%ത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണത്തിന് പരമാവധി 4 ലക്ഷം രൂപ വരെ അനുവദിക്കുന്നു. വീടുനഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്ക് തലത്തിൽ വിളിച്ചു ചേർക്കുവാനും, വിശദമായി വിവിധ ഭവന നിർമ്മാണ സാദ്ധ്യതകൾ വിശദീകരിച്ച് നൽകുവാനും നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിൽ സ്കൂൾ സുരക്ഷ ക്ലബ്ബുകളുടെ ശാക്തീകരണം നടപ്പിലാക്കി വരുന്നു സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം തദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഉള്ള തകർച്ച നേരിട്ട സ്കൂളുകളുടെ അടിയന്തര താത് കാലിക പുനർനിർമ്മാണത്തിനായി 2 ലക്ഷം രൂപ വരെ നൽകാവുന്നതാണ്. സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ 5 സ്കൂളുകൾ പൂർണ്ണമായി തകർന്നിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ പുനർ നിർമ്മാണത്തിനായിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുനന്നു. |

സെക്ഷൻ ഓഫീസർ